ജി(4)1890/2020

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി 19.05.2020

## സർക്കുലർ നമ്പർ 39/2020

വിഷയം: സഹകരണ വകുപ്പ്- സംസ്ഥാന സർക്കാരിന്റെ 'സുഭിക്ഷ കേരളം പദ്ധതി' സഹകരണ മേഖല വഴി നടപ്പിലാക്കുന്നത്- മാർഗ്ഗ നിർദ്ദേശം - സംബന്ധിച്ച്

## സുഭിക്ഷ കേരളം : നമ്മുടെ കൃഷി നമ്മുടെ ഭക്ഷണം. സഹകരണ മേഖലയുടെ ഉപ പദ്ധതി

കോവിഡ് - 19 മനുഷ്യകുലത്തിനാകെ വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ് . ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് കൃഷി - ഭക്ഷ്യ മേഖലയാണ്. ഭക്ഷ്യക്ഷാമം ലോകത്തെയാകെ ഗ്രസിക്കാൻ പോകുകയാണെന്ന് ഐക്യരാഷ്ട്ര സഭ തന്നെ മുന്നറിയിപ്പ് നൽകുന്നു. ലോക ഭക്ഷ്യ പദ്ധതി (WFP), കോവിഡ്- 19 ഉണ്ടാക്കുന്ന പ്രതിസന്ധി മൂലം ദശലക്ഷക്കണക്കിന് ആളുകളെ പോഷകാഹാരക്കുറവിലേക്ക് തള്ളി വിടുമെന്നാണ് പറയുന്നത്.

കോവിഡ് 19 കേരളത്തിന്റെ സാമ്പത്തിക വളർച്ചക്ക് വലിയ തിരിച്ചടിയാണ് ഉണ്ടാക്കിയത്. ഇതിന്റെ ആഘാതം ബാധിക്കാത്ത ഒരു മേഖലയുമില്ല. പ്രവാസികളുടെ മടങ്ങിവരവോടെ നമ്മുടെ സമ്പദ് ഘടന കൂടുതൽ പ്രതിസന്ധിയിലാകും. ഈ അവസ്ഥയെ എങ്ങനെ മറികടക്കാമെന്നതാണ് നമ്മുടെ പ്രധാന വെല്ലുവിളി. അതിന് നമ്മുടേതായ വഴി നാം കണ്ടെത്തണം. വികേന്ദ്രീകരണത്തിലധിഷ്ഠിതമായ വികസന സംവിധാനം നമുക്കുണ്ട്. ഇതിനെ ഉപയോഗപ്പെടുത്തി പുതിയ സാഹചര്യം നേരിടാൻ കഴിയണം. നാടിന്റെ വിഭവ ശേഷി പൂർണമായി ഉപയോഗിക്കണം. അത്തരത്തിൽ ഭക്ഷ്യ കാർഷിക മേഖലയിൽ സ്വയം പര്യാപ്ത സ്വാശ്രയസമൂഹമായി നാം മാറണം. അതിനുള്ള സമഗ്ര പദ്ധതിയാണ് കേരള സർക്കാർ പ്രഖ്യാപിച്ച **"സുഭിക്ഷ കേരളം"** പദ്ധതി.

പദ്ധതിയുടെ ലക്ഷ്യങ്ങൾ ഇനി പറയുന്നു.

- തരിശു നിലങ്ങളിൽ പൂർണ്ണമായും കൃഷി ഇറക്കുക.
- ഉല്പാദന വർദ്ധനവിലൂടെ കർഷകർക്ക് നല്ല വരുമാനം ഉറപ്പാക്കുക.
- കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു കൊണ്ട് യുവാക്കളെയും തിരിച്ചു വരുന്ന പ്രവാസികളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുക.
- മൃഗ പരിപാലന മേഖലയും മത്സ്യ ബന്ധന മേഖലയും അഭിവൃദ്ധിപ്പെടുത്തുക.
- ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

സുഭിക്ഷ കേരളം പദ്ധതിയിൽ കൃഷി വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, ജലസേചന വകുപ്പ്, വൈദ്യുതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, സഹകരണ വകുപ്പ്, തൊഴിലുറപ്പ പദ്ധതി എന്നിവയാണ് മുഖ്യ പങ്ക് വഹിക്കുന്നത്.

ഈ പദ്ധതിയുടെ വിജയത്തിൽ സഹകരണ സംഘങ്ങളുടെ പ്രധാന ഉത്തരവാദിത്തങ്ങൾ താഴെപ്പറയുന്നവയാണ്.

- കർഷകർക്ക് വായ്പാ സഹായം ലഭ്യമാക്കുക.
- ഫാർമേഴ്സ് ക്ലസ്റ്ററുകൾ, സ്വയം സഹായ ഗ്രൂപ്പുകൾ, യുവജനങ്ങൾ എന്നിവയ്ക്ക് കിസാൻ ക്രെഡിറ്റ് കാർഡ് വഴി വായ്പ ലഭ്യത ഉറപ്പ വരുത്തുക.
- കാർഷിക വിഭവങ്ങളുടെ സംഭരണത്തിന് റിവോൾവിംഗ് ഫണ്ട് വായ്പ ഉറപ്പാക്കുക. സംഘം അടിസ്ഥാനത്തിൽ കാർഷിക ഉല്പന്ന ചന്തകൾ ആരംഭിക്കുക.
- സംയോജിത സംഭരണ കേന്ദ്രം (Integrated Pack House)പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കുക.
- കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ പരിശീലനങ്ങൾ സംഘടിപ്പിക്കുക.
- ഫാം ഇൻപുട്ട് വിതരണത്തിലെ ഫെസിലിറ്റേറ്റർ ആയി പ്രവർത്തിക്കുക തുടങ്ങിയവ.

<u>**സുഭിക്ഷ കേരളം - സഹകരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പ്രവൃത്തികൾ**</u>

1. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിൽ കുറഞ്ഞത് ഒരു മാതൃകാ കൃഷിത്തോട്ടം (കുറഞ്ഞത് 50 സെന്റ് സ്ഥലം) എങ്കിലും ആ സ്ഥലത്തെ സഹകരണ സ്ഥാപനം നേരിട്ട് സജ്ജീകരിക്കുകയും, പരിപാലിക്കുകയും വേണം. ഈ തോട്ടത്തിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് പ്രസ്തുത സഹകരണ സ്ഥാപനത്തിന്റെ ഭരണ സമിതി അംഗങ്ങൾ, ജീവനക്കാർ, അംഗങ്ങൾ എന്നിവരുടെ സന്നദ്ധസേവനം ഉൾപ്പെടെയുള്ള എല്ലാ സഹായങ്ങളോടു കൂടിയാണ് നിർവ്വഹിക്കേണ്ടത്. സംഘങ്ങളുടെ ഭാഗത്തു നിന്നുമുള്ള സാമ്പത്തികച്ചെലവ് പരമാവധി പരിമിതപ്പെടുത്തണം.

2. സുഭിക്ഷ കേരളം പദ്ധതിയിൻ കീഴിൽ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് സഹകരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ സ്വാശ്രയ ഗ്രൂപ്പുകൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിൽ എല്ലാ കാർഷിക പ്രവർത്തനങ്ങൾക്കും കർഷകർ, SHG/JLG കൾ എന്നിവയ്ക്കാ വശ്യമായ കാർഷിക വായ്പ വിതരണം നടത്തേണ്ടത് പ്രധാനമായും സഹകരണ സ്ഥാപനങ്ങളാണ്.

4. നിലവിൽ കാർഷിക സേവന കേന്ദ്രം നിലവിലുള്ളവയിൽ നിന്നും ആ പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങൾക്കാവശ്യമായ വിത്ത്, വളം, ജൈവവളങ്ങൾ, കീടനാശിനികൾ, കാർഷിക യന്ത്രങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. കാർഷിക സേവന കേന്ദ്രം നിലവിലില്ലാത്ത സഹകരണ സ്ഥാപനങ്ങൾ, കൃഷി വകുപ്പിന്റെ നേതൃത്വത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നോ മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ഇത്തരം സാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായം (വായ്പ) സഹകരണ സംഘം ഉറപ്പാക്കേണ്ടതാണ്.

5. ടി പദ്ധതിയിൻ കീഴിൽ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും തരം തിരിച്ച് പാക്ക് ചെയ്യുന്നതിനും വിപണനം നടത്തുന്നതിനും സഹകരണ സ്ഥാപനങ്ങൾ സൗകര്യങ്ങൾ സജ്ജമാക്കേണ്ടതാണ്. കാർഷിക ചന്തയ്ക്ക് ആവശ്യമായ സ്ഥല സൗകര്യം ലഭ്യമാക്കുകയും കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിനുള്ള സൗകര്യങ്ങൾ കഴിയുന്നതും സൗജന്യമായി ഒരുക്കി നൽകാവുന്നതുമാണ്. ഇതിനു കഴിയുന്ന ഇടങ്ങളിൽ SHG/JLG മാതൃക സ്വീകരിക്കാനും ശ്രമിക്കേണ്ടതാണ്.

6. ജൈവവളങ്ങൾ പ്രാദേശിക തലത്തിൽ ഉണ്ടാക്കിയെടുക്കാനുള്ള ശ്രമങ്ങളുണ്ടാകണം. വീടുകളിലും മറ്റുമുണ്ടാകുന്ന ജൈവ ശേഷിപ്പുകളേയും അവശിഷ്ടങ്ങളേയും മാലിന്യമായി കാണാതെ വളമായി കാണാൻ പഠിപ്പിക്കണം. ഇതിനു SHG/JLG കളെയും തയ്യാറാക്കി ഉൽപ്പാദനം നടത്താനും ശ്രമിക്കണം.

7. കൂടുതൽ ഉൽപ്പാദനം നടക്കുന്ന സ്ഥലത്ത് അവ നശിച്ച് പോകാതിരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ ഒരുക്കണം.

8. സാദ്ധ്യമായ എല്ലാ ഉൽപ്പന്നങ്ങളുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിൽ ശൃംഖലാടിസ്ഥാനത്തിൽ അവ വിപണനം നടത്തുന്നതിനും സഹകരണ സംഘങ്ങൾ സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

7,8 പ്രകാരമുള്ള പ്രവർത്തനങ്ങൾ മേഖലാ തല അടിസ്ഥാനത്തിൽ ഒറ്റയ്ക്കോ കൂട്ടായോ കൺസോർഷ്യം രൂപീകരിച്ചോ ഇതുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കണം.

ഈ പദ്ധതിയുടെ വിജയത്തിനും നമ്മുടെ കാർഷിക സംസ്കൃതിയെ തിരിച്ചു പിടിക്കുന്നതിനും സ്വയം പര്യാപ്തത കാർഷിക സമൂഹം എന്ന ആശയം വിപുലമായി നടപ്പാക്കുന്നതിനായി നാട്ടിലെ മുഴുവൻ പേരെയും ഇത്

മനസ്സിലാക്കി സമൂഹത്തെ പ്രാപ്തരാക്കുന്ന തരത്തിലുള്ള ഈ പരിപാടി വിജയിപ്പിക്കുന്നതിന്റെ ഭാഗമായി ജൂൺ 5 ലോക പരിസ്ഥിതി ദിനം മുതൽ ഓരോ സംഘങ്ങളും തിരഞ്ഞെടുക്കപ്പെടുന്ന സ്ഥലത്ത് ഒരു മാതൃക കൃഷിത്തോട്ടം ഒരുക്കി ഈ പരിപാടിയ്ക്ക് തുടക്കം കുറിക്കണം.

ഒപ്പ്
എ അലക്സാണ്ടർ ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്
   ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം
2. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
   ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന
5. എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ
   സംഘങ്ങൾ/ബാങ്കുകൾക്കും/അർബൻ ബാങ്കുകൾക്കും/എംപ്ലോയീസ്
   സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
6. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും
   (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
7. എഡിറ്റർ സഹകരണ വീഥി/സഹകരണ ജേർണൽ
8. വെബ് സൈറ്റ്
9. സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)